**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4399** **18-03-2025 - ൽ മറുപടിയ്ക്ക്**

**തൃക്കരിപ്പൂർ തുറപ്പ് ഗ്രാമത്തിൽ വൈദ്യുതി ലഭ്യമാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ മണ്ഡലത്തിൽ ചീമേനി തുറന്ന ജയിലിനു സമീപമുള്ള തുറപ്പ് ഗ്രാമത്തിൽ ഇനിയും വൈദ്യുതി എത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇവിടെയുള്ള കർഷകർക്ക് വൈദ്യുതി ലഭ്യമാക്കാൻ അടിയന്തര നടപടികൾ ഉണ്ടാകുമോ; വിശദമാക്കാമോ? | (എ) | ചീമേനി തുറന്ന ജയിലിന് സമീപമുള്ള കൃഷിക്കാർക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല എന്ന ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി ശ്രീജയുടെ 05.09.2024-ന്റെ അപേക്ഷയെ തുടർന്ന് സ്ഥലപരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും 2,63,659/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പിലിക്കോട് ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഭരണാനുമതി നൽകുകയും ചെയ്തു. എന്നാൽ പ്രസ്തുത ലൈൻ വലിക്കേണ്ടത് പ്ലാന്റേഷൻ കോർപ്പറേഷന്റെ സ്ഥലത്തു കൂടി ആണ്, എന്നാൽ അവരുടെ അനുമതി ലഭിച്ചിട്ടില്ല.<br><br>അതിനുശേഷം ശ്രീ. പ്രസാദ്. കെ. എന്നയാൾ ഗാർഹിക വൈദ്യുതി കണക്ഷന് അപേക്ഷിക്കുകയും മറ്റൊരു വഴിയിലൂടെ ലൈൻ വലിക്കുന്നതിന് 9,72,391/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ലൈൻ വലിക്കുന്നതിനും സ്ഥലമുടമകളുടെ സമ്മതപത്രം ലഭിക്കേണ്ടതുണ്ട്.<br>മേല്പറഞ്ഞതിൽ ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നതിനാവശ്യമായ സമ്മതപത്രം ലഭിക്കുകയും പണം അടയ്ക്കുകയും ചെയ്യുന്ന മുറക്ക് ലൈൻ വലിച്ച് ഈ പ്രദേശത്തേക്ക് വൈദ്യുതി എത്തിക്കാൻ സാധിക്കുന്നതാണെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ